**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4530** **06-03-2023 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ; | (എ) | കർഷക കടാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട **8349** അപേക്ഷ കളിന്മേൽ **74,83,56,933/-** രൂപയുടെ കടാശ്വാസ തുക അനുവദിച്ചു ലഭിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, കൂടാതെ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച **88,37,23,932/-** രൂപയുടെ **11392** അപേക്ഷകൾ അർഹത പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതും ആയത് പരിശോധന പൂർത്തിയാക്കി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | കുടിശ്ശിക ലഭിക്കാത്തതുമൂലം പ്രസ്തുത ബാങ്കുകൾ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക വിതരണം ചെയ്യാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; തുക എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ? | (സി) | നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ